**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **08-10-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ സ്ഥിരം കായിക അദ്ധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ സ്കൂളുകളിൽ ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലായി എത്ര സ്ഥിരം കായികാദ്ധ്യാപകരാണ് സേവനമനുഷ്ഠിച്ചു വരുന്നതെന്ന് ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ തിരിച്ചുള്ള വിവരം നൽകാമോ; | (എ) | **വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.** |
| (ബി) | നിലവിൽ സ്ഥിരം കായികാദ്ധ്യാപകർ ഇല്ലാത്ത എത്ര അപ്പർ പ്രൈമറി, ഹൈസ്കൂളുകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (ബി) | **വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.** |
| (സി) | അത്തരം സ്കൂളുകളിൽ കായിക പഠനം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | സ്ഥിരം കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന കായികാദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. |
| (ഡി) | സ്കൂളുകളിൽ കായിക പഠനത്തിന് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; നിശ്ചയിച്ച മാനദണ്ഡങ്ങളുള്ള എത്ര സ്കൂളുകളിലാണ് നിലവിൽ സ്ഥിരം കായികാദ്ധ്യാപകർ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | (ഡി) | കെ.ഇ.ആർ ചാപ്റ്റർ 23 ചട്ടം 6 (4) ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സ്ഥിരം കായികാദ്ധ്യാപകരെ നിയമിക്കുന്നത്. നിശ്ചയിച്ച മാനദണ്ഡങ്ങളുള്ള 53 സ്കൂളുകളിൽ കായികാദ്ധ്യാപകർ നിലവിലില്ല |
| (ഇ) | സ്കൂൾ കായിക മേള, ഉപജില്ല കായിക മേള, ജില്ല കായിക മേള എന്നിവയുടെ സംഘാടനത്തിന് ആവശ്യമായ കായികാദ്ധ്യാപകരുടെ ദൗർലഭ്യം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ മേളകളുടെ സംഘാടനം കൂട്ടായ ഒരു പ്രവർത്തനമാണ്. സ്കൂൾ തലം മുതൽ വിവിധ തലങ്ങളിലെ കായിക മേളകളുടെ സംഘാടനത്തിന് കായികാദ്ധ്യാപകർ മാത്രമല്ല, മറ്റ് അധ്യാപകരും അനധ്യാപകരും പൊതുസമൂഹവും അവരവരുടേതായ പങ്ക് വഹിക്കുന്നതിനാൽ കായിക അധ്യാപകരുടെ ദൗർലഭ്യം കായിക മേളകളുടെ സംഘാടനത്തെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| ക്രമ നം. | ജില്ല | ഗവണ്മെന്റ് | | എയ്ഡഡ് | |
|---|---|---|---|---|---|
| | | യു.പി | ഹൈസ്കൂൾ | യു.പി | ഹൈസ്കൂൾ |
| 1 | തിരുവനന്തപുരം | 8 | 73 | 13 | 68 |
| 2 | കൊല്ലം | 1 | 43 | 2 | 72 |
| 3 | പത്തനംതിട്ട | - | 3 | - | 40 |
| 4 | ആലപ്പുഴ | 1 | 18 | 6 | 76 |
| 5 | കോട്ടയം | - | 2 | - | 73 |
| 6 | ഇടുക്കി | - | 31 | 1 | 50 |
| 7 | എറണാകുളം | 4 | 10 | 11 | 135 |
| 8 | തൃശ്ശൂര് | 4 | 32 | 21 | 114 |
| | | | | | 54 |
| 9 | പാലക്കാട് | 12 | 65 | 15 | |
| 10 | മലപ്പുറം | 39 | 97 | 79 | 99 |
| 11 | കോഴിക്കോട് | 12 | 52 | 34 | 46 |
| 12 | വയനാട് | 2 | 34 | 6 | 20 |
| 13 | കണ്ണൂര് | - | 54 | 3 | 61 |
| 14 | കാസര്ഗോഡ് | 3 | 58 | 4 | 28 |
| | ആകെ | 86 | 572 | 195 | 936 |

സെക്ഷൻ ഓഫീസർ

## അനുബന്ധം–II

| ക്രമ നം. | ജില്ല | നിലവിൽ സ്ഥിരം കായികാധ്യാപകർ ഇല്ലാത്ത സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 174 |
| 2 | കൊല്ലം | 16 |
| 3 | പത്തനംതിട്ട | 149 |
| 4 | ആലപ്പുഴ | 236 |
| 5 | കോട്ടയം | 287 |
| 6 | ഇടുക്കി | 153 |
| 7 | എറണാകുളം | 305 |
| 8 | തൃശ്ശൂർ | 10 |
| 9 | പാലക്കാട് | 62 |
| 10 | മലപ്പുറം | 159 |
| 11 | കോഴിക്കോട് | 5 |
| 12 | വയനാട് | 85 |
| 13 | കണ്ണൂർ | 398 |
| 14 | കാസർഗോഡ് | 161 |
| | ആകെ | 2200 |

സെക്ഷൻ ഓഫീസർ